നമ്പർ:ജി.(1)38783/2007.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 01.08.2008.

# സർക്കുലർ: 52/08.

വിഷയം:- സഹകരണ വകുപ്പ് - 'സഹകരണ നവരത്നം-കേരളീയം' - 'സഹകരണ സാമൂഹ്യ കേരളീയം' - പുതുതായി സഹകരണ സംഘങ്ങളിൽ ലൈബ്രറി സ്ഥാപിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 41/07 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 54/07 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 50/08 നമ്പർ സർക്കുലർ.

സഹകരണ സാമൂഹ്യം കേരളീയം പദ്ധതി പ്രകാരം, സഹകരണ സംഘങ്ങളിൽ ലൈബ്രറികൾ ആരംഭിക്കുന്നതിന് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ലൈബ്രറി സ്ഥാപിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ പുസ്തക വിതരണത്തിന് ചുമതലപ്പെടുത്തുന്ന ജീവനക്കാരന് പ്രതിഫലം നിശ്ചയിച്ചുകൊണ്ട് സൂചന രണ്ടു പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിരുന്നു.

പുസ്തകങ്ങൾ വാങ്ങിയ എല്ലാ സംഘങ്ങളും ലൈബ്രറികൾ ആരംഭിച്ച് പൂർണ്ണതോതിൽ പുസ്തക വിതരണം തുടങ്ങിയിട്ടില്ലെന്നും, നല്ലൊരു ശതമാനം ലൈബ്രറികളിലും പുസ്തകങ്ങളുടെ എണ്ണം താരതമ്യേന കുറവാണെന്നും, ജില്ലകളിൽ നടത്തിയ അവലോകന യോഗങ്ങളിൽ കണ്ടെത്തുകയുണ്ടായി. സംസ്ഥാനത്തിലെ സാംസ്കാരിക രംഗത്ത് ഇപ്പോൾതന്നെ വളരെയേറെ പ്രശംസ നേടിയ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള ലൈബ്രറികൾ തീർച്ചയായും വായന സംസ്കാരം വളർത്തുന്നതോടൊപ്പം സഹകരണ പ്രസ്ഥാനത്തിന്റെ കൂടുതൽ വളർച്ചയ്ക്കും ജനങ്ങളുടെ സാംസ്കാരിക വളർച്ചയ്ക്കും ഇടയാക്കുമെന്നും അഭിപ്രായമുയർന്നിട്ടുണ്ട്. പുതുതായി ആരംഭിച്ച ലൈബ്രറികളെയും മുൻപ്. ആരംഭിച്ച് പ്രവൃത്തിച്ചുവരുന്ന സഹകരണ ലൈബ്രറികളെയും, ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും, സൂചന 3 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം 500 പുതിയ ലൈബ്രറികൾകൂടി ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്പോൾ പുസ്തകം വാങ്ങിയിട്ടുള്ള സംഘങ്ങൾ കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതോടൊപ്പം ഇനിയും ലൈബ്രറി പുസ്തകങ്ങൾ വാങ്ങാത്ത സംഘങ്ങൾ പുസ്തകങ്ങൾ വാങ്ങേണ്ടതായിട്ടുണ്ട്. ആയതിനാൽ ലൈബ്രറികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റു ചെയ്യത്തക്ക വിധത്തിൽ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി സൂചന 1, 2, 3 ലെ നിർദ്ദേശങ്ങൾക്കു തുടർച്ചയായി ഓരോ സംഘവും/ബാങ്കും ചുവടെ ചേർക്കുന്ന നിരക്കിൽ തുക ചെലവ് ചെയ്ത് സാഹിത്യ പ്രവർത്തക സംഘത്തിൽ നിന്നും പുസ്തകങ്ങൾ വാങ്ങുവാൻ നിർദ്ദേശിക്കുന്നു. മറ്റ് പ്രസാദകരുടെ പുസ്തകങ്ങളും എസ്.പി.സി.എസിൽ ലഭ്യമാക്കുന്നതാണ്.

| | | |
|---|---|---|
| 1. | എല്ലാ അപ്പെക്സ് ബാങ്കുകൾ/സംഘങ്ങൾ/ സംസ്ഥാന സഹകരണ യൂണിയൻ | 50,000/- രൂപ. |
| 2. | ജില്ലാ സഹകരണ ബാങ്കുകൾ | 25,000/- മുതൽ 50,000/- രൂപ വരെ |
| 3. | അർബൻ സഹകരണ ബാങ്കുകൾ | 10,000/- മുതൽ 25,000/- രൂപ വരെ. |
| 4. | എംപ്ലോയീസ് സഹകരണ സംഘങ്ങൾ (സാമ്പത്തിക ശേഷി അനുസരിച്ച്) | 5,000/- മുതൽ 30,000/- രൂപ വരെ |

5. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/
പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ
സഹകരണസംഘം/ബാങ്കുകൾ/ മറ്റു
വായ്പാ സംഘങ്ങൾ മറ്റു സംഘങ്ങൾ 50,00/- മുതൽ 30,000/-രൂപ വരെ
സാമ്പത്തിക സ്ഥിതി അനുസരിച്ച്.

മുമ്പ് ലൈബ്രറി ആരംഭിക്കുന്നതിന് ലക്ഷ്യം നിശ്ചയിച്ചു നൽകിയെങ്കിലും പുസ്തകം വാങ്ങി ലൈബ്രറികൾ ആരംഭിക്കാതിരുന്ന സംഘങ്ങൾ ഇപ്പോൾ മേൽ തുകയിൽ കുറയാത്തവിധം പുസ്തകം വാങ്ങി ലൈബ്രറികൾ ആരംഭിക്കേണ്ടതാണ്. ഇതിനായി ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളോടൊപ്പം താലൂക്ക്/ജില്ലാ തലയോഗങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓരോ മാസത്തേയും പുരോഗതി അതാതു സമയം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ലൈബ്രറി സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നെ നോഡൽ ഓഫീസറായി നിയോഗിക്കുന്നു. ലൈബ്രറി ഫണ്ടിലേയ്ക്കുള്ള തുക കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ കോട്ടയം ശാഖയിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിലാരംഭിച്ചിട്ടുള്ള 10590-ാം നമ്പർ എസ്.ബി. അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.

ഈ വർഷം ഇതിലേക്കാവശ്യമായ തുക പൊതു നന്മ ഫണ്ടിൽ നിന്നും ചെലവു ചെയ്യാവുന്നതാണ്. പൊതു നന്മ ഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലായെങ്കിൽ ജനറൽ ഫണ്ടിൽ നിന്നും, ബഡ്ജറ്റിനു വിധേയമായ ചെലവു ചെയ്യാവുന്നതും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെങ്കിൽ സപ്ലിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടുത്തി അടുത്തുകൂടുന്ന പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

ഒപ്പ്,
**റാണിജോർജ്ജ് ഐ.എ.എസ്.,**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്:-
1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്.
3. മാനേജിംഗ് ഡയറക്ടർ, മറ്റെല്ലാ അപ്പെക്സ് സ്ഥാപനങ്ങൾക്കും/ഫെഡറേഷനുകൾക്കും.
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ആഡിറ്റ്/ജനറൽ) മാർക്കും.
6. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ, സഹകരണ വീഥി.
10. എഡിറ്റർ, സഹകരണ ജേർണൽ.
11. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം. (ആവരണകത്ത് മുഖേന)
12. സ്പെയർ.

ആജ്ഞാനുസരണം,

**സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി**